# ഈച്ചയും പൂമ്പാറ്റയും



പൂമ്പാറ്റ പൂന്തോട്ടത്തിലേക്ക് പറന്നു. അവിടെ മനോഹരമായ ധാരാളം പൂക്കളുണ്ട്. പല നിറത്തിൽ, പല വലുപ്പത്തിൽ. അതിലെ തേൻ കുടിക്കാം. ഭംഗി ആസ്വദിക്കാം. പൂന്തോട്ടത്തിൽ വരുന്ന കൊച്ചു കുട്ടികളെ കാണാം. അവരോടൊത്ത് കളിക്കാം. അതായിരുന്നു പൂമ്പാറ്റയുടെ ചിന്ത.

വഴിയിൽ ഒരു ഈച്ചയെ കണ്ടുമുട്ടി.

“എങ്ങോട്ടാ ചങ്ങാതീ..” പൂമ്പാറ്റ ചോദിച്ചു.

“ആ മാലിന്യക്കൂമ്പാരത്തിലേക്ക്” ഈച്ച പറഞ്ഞു.

“ചീഞ്ഞുനാറുന്ന സ്ഥലത്തേക്കാണോ പോകുന്നത്. അവിടെ എലിയോ പൂച്ചയോ ചത്ത് ചീഞ്ഞു നാറുന്നുണ്ട്. ആളുകൾ മൂക്കു പൊത്തുന്നത് കണ്ടു. ചങ്ങാതീ, ഇന്ന് എന്നോടൊപ്പം വരൂ. പൂന്തോട്ടത്തിൽ പോകാം. അവിടെ പൂക്കളും കൊച്ചു കുട്ടികളും ഉണ്ടാകും. കുറച്ചു സമയം അവിടെ ചെലവഴിക്കാം. എന്തു രസമായിരിക്കുമെന്നോ..!” പൂമ്പാറ്റ പറഞ്ഞു.

“ഞാനില്ല ചങ്ങാതീ, ആർക്കും എന്നെ ഇഷ്ടമല്ല. എന്നെ കണ്ടാൽ അവർ തല്ലിക്കൊല്ലും. നിന്നെയാണ് എല്ലാവർക്കും ഇഷ്ടം” ഈച്ച സങ്കടത്തോടെ പറഞ്ഞു.

“അതെനിക്കറിയാം. നമ്മൾ എവിടെ പോകുന്നു, എന്ത് ചെയ്യുന്നു, ആരോടൊക്കെയാണ് കൂട്ട് എന്നൊക്കെ ആളുകൾ ശ്രദ്ധിക്കാറുണ്ട്. അങ്ങനെയാണ് ഓരോരുത്തരും നമ്മെ വിലയിരുത്തുന്നത്. ഞാനും നിന്നെ ശ്രദ്ധിച്ചിട്ടുണ്ട്. എവിടെ വൃത്തികേടുണ്ടോ അവിടെ നീയുണ്ട്. വൃത്തികേടാണ് നിനക്കിഷ്ടം. ജനങ്ങളെ ദ്രോഹിക്കാനും നീ കൂട്ടുനിൽക്കും. പിന്നെങ്ങനെ ആളുകൾ ഇഷ്ടപ്പെടും?” പൂമ്പാറ്റ ചോദിച്ചു.

ഈച്ച മറുപടിയൊന്നും പറഞ്ഞില്ല. അവൻ മാലിന്യക്കൂമ്പാരം ലക്ഷ്യമാക്കി വീണ്ടും പറന്നു.

സങ്കടത്തോടെ നോക്കിനിൽക്കാനേ പൂമ്പാറ്റക്ക് കഴിഞ്ഞുള്ളൂ.

ആനക്ക് കയറാൻ വിലക്കുള്ള മലബാറിലെ ക്ഷേത്രം – തൃച്ചംബരം